**POLICE** **DEPARTMENT**

**KERALA**

**No. U6-78463/2023/PHQ**
Police Headquarters,
Thiruvananthapuram
✉phq.pol@kerala.gov.in
📞04712721547
Dated. 23-11-2023

**കേരള പോലീസ് സ്റ്റാൻഡിംഗ് ഓർഡർ നം.1/2023**

അറസ്റ്റ് ചെയ്യുന്നതും നോട്ടീസുകൾ നൽകുന്നതുമായി ബന്ധപ്പെട്ട നടപടിക്രമത്തിന്മേൽ ബഹു.സുപ്രീംകോടതിയുടെ മാർഗ്ഗരേഖകൾ പാലിക്കുന്നത് സംബന്ധിച്ച്.

1. ആമുഖം

ബഹു.സുപ്രീം കോടതി 'Satender Kumar Antil Vs CBI' കേസിലെ 11-07-2022 - ലെ വിധിന്യായത്തിൽ, മറ്റു പലതിനോടുമൊപ്പം, ചുവടെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിരുന്നു.

(ബി). അന്വേഷണ ഏജൻസികളും, അവരുടെ ഉദ്യോഗസ്ഥരും, ക്രിമിനൽ നടപടി നിയമസംഹിതയിലെ 41, 41 A വകുപ്പുകളിലെ ഉത്തരവും, Arnesh Kumar (മുൻ) കേസിൽ ഈ കോടതി പുറപ്പെടുവിച്ചിട്ടുള്ള നിർദ്ദേശങ്ങളും പാലിക്കുവാൻ ബാദ്ധ്യസ്ഥരാണ്. അവരുടെ ഭാഗത്തുനിന്ന് എന്തെങ്കിലും വീഴ്ചയുണ്ടായാൽ കോടതി ആയത് ഉന്നത അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തേണ്ടതും, ഉചിതമായ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

(സി) കോടതികൾ, ക്രിമിനൽ നടപടി നിയമസംഹിതയിലെ 41, 41 A വകുപ്പുകളിലെ വ്യവസ്ഥകൾ പാലിക്കുന്നത് സംബന്ധിച്ച് സ്വയം തൃപ്തികരമായ നടപടി സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഏതെങ്കിലും തരത്തിൽ ആയത് പാലിക്കാതെ വരുന്നത്, പ്രതിക്ക് ജാമ്യം അനുവദിക്കുന്നതിന് ഇടയാക്കുന്നതാണ്.

(ഡി) ക്രിമിനൽ നടപടി നിയമസംഹിതയിലെ 41 A വകുപ്പിലെ കല്പന പാലിക്കുന്നതിനായി ഡൽഹി ഹൈക്കോടതിയുടെ 07-02-2018 - ലെ റിട്ട് പെറ്റിഷൻ (c) നം.7608/2018 - ലെ ഉത്തരവും, ഡൽഹി പോലീസ് പുറപ്പെടുവിച്ച സ്റ്റാൻഡിംഗ് ഓഡറും, അതായത് 2020 ലെ സ്റ്റാൻഡിംഗ് ഓഡർ നം.109 ഉം കണക്കിലെടുത്തുകൊണ്ട്, സംഹിതയുടെ 41, 41 A വകുപ്പുകൾ പ്രകാരം അനുവർത്തിക്കേണ്ട നടപടിക്രമം സംബന്ധിച്ച സ്റ്റാൻഡിംഗ് ഓർഡറുകൾ പുറപ്പെടുവിക്കാൻ എല്ലാ സംസ്ഥാന സർക്കാരുകളോടും, കേന്ദ്രഭരണ പ്രദേശങ്ങളോടും നിർദ്ദേശിക്കുന്നു.

കൂടാതെ, ബഹു.കേരള ഹൈക്കോടതിയുടെ ഡിവിഷൻ ബെഞ്ച്, CCC No.808/2022 നമ്പർ കേസിൽ 27-07-2022 ലെ വിധിന്യായത്തിലൂടെ 'Arnesh Kumar' കേസിൽ ബഹു.സുപ്രീം കോടതി വിധിന്യായത്തിലെ നിർദ്ദേശങ്ങളും, അതുപോലെ 'Satender Kumar Antil Vs Central Bureau of Investigation & Another' ലെ അടുത്തിടെ പുറപ്പെടുവിച്ച വിധിന്യായത്തിലെ നിർദ്ദേശങ്ങളും കൃത്യമായി പാലിക്കുന്നതിനായി സംസ്ഥാന പോലീസ് അത്തരം നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് ഉറപ്പാക്കുവാൻ സംസ്ഥാന പോലീസ് മേധാവിയോട് നിർദ്ദേശിച്ചിട്ടുണ്ട്.

മേൽപറഞ്ഞ സുപ്രീംകോടതിയുടെയും, ഹൈക്കോടതിയുടെയും, വിധിന്യായങ്ങളുടെ പശ്ചാത്തലത്തിൽ, സർക്കുലർ നം.07/2011 പ്രകാരം പുറപ്പെടുവിച്ച 41A CrPC വകുപ്പ് പ്രകാരമുള്ള നോട്ടീസിന്റെ രൂപഘടന പരിഷ്ക്കരിക്കുന്നതിന് Amandeep Singh Johar Vs State of NCT of Delhi (WP(c)No.7608/2017) ലെ ഉത്തരവും, ഡൽഹി പോലീസിന്റെ 2020 ലെ

സ്റ്റാൻഡിംഗ് ഓഡർ നം.109 ഉം കണക്കിലെടുക്കേണ്ടത് ആവശ്യമാണ്. പരിഷ്ക്കരിച്ച നോട്ടീസിന്റെ ഘടന 07/2011 നമ്പർ സർക്കുലർ പ്രകാരം ഇതിനോടകം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. ബഹു.സുപ്രീം കോടതിയുടെ ഏറ്റവും പുതിയ നിർദ്ദേശങ്ങൾക്കനുസൃതമായി, ക്രിമിനൽ നടപടി നിയമസംഹിതയുടെ 41A വകുപ്പ് പ്രകാരമുള്ള പരിഷ്ക്കരിച്ച നോട്ടീസ്, സി.ആർപി.സി വകുപ്പുകൾ 91, 160, 175 പ്രകാരമുള്ള നോട്ടീസുകളുടെ പരിഷ്ക്കരിച്ച രൂപഘടന എന്നിവയും ഇതിനു ചുവടെ നൽകിയിട്ടുള്ളതു പോലെ സ്റ്റാൻഡിംഗ് ഓഡർ രൂപത്തിൽ പുറപ്പെടുവിക്കുന്നു.

ചില അന്വേഷണ ഉദ്യോഗസ്ഥർ, അന്വേഷണ വേളയിലോ അല്ലെങ്കിൽ CrPc 174 വകുപ്പുപ്രകാരം അപമൃത്യു വിചാരണ (ഇൻക്വസ്റ്റ്) നടത്തുന്നതുമായി ബന്ധപ്പെട്ട സാക്ഷികളെയോ, കുറ്റവാളിയെന്ന് സംശയിക്കുന്ന വ്യക്തികളെയോ വിളിച്ചു വരുത്തുന്നതുമായി ബന്ധപ്പെട്ടോ CrPC 41A, 91,160, 175 വകുപ്പുകൾ പ്രകാരമുള്ള നിയമാനുസൃതമായ നടപടിക്രമങ്ങൾ പാലിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. CrPC യിലെ ഈ വകുപ്പുകൾ കേസിന്റെ/കേസുകളുടെ വസ്തുതകളുമായും, സാഹചര്യങ്ങളുമായും പരിചയമുള്ളതെന്ന് വിശ്വസിക്കുന്ന ഏതൊരു വ്യക്തിയെയും, വാചികമായി പരിശോധിക്കാൻ അന്വേഷണ ഉദ്യോഗസ്ഥർക്ക് അധികാരം നൽകുന്നു.

CrPC യുടെ 41A വകുപ്പ്, വ്യക്തിയുടെ അറസ്റ്റ് ആവശ്യമില്ലാത്ത എല്ലാ കേസുകളിലും, ഒരു പോലീസ് ഉദ്യോഗസ്ഥന് മുൻപാകെ ഹാജരാകാനുള്ള നോട്ടീസ് നൽകുന്നതിനെകുറിച്ച് വ്യവസ്ഥ ചെയ്യുന്നു. ബഹു.ഡൽഹി ഹൈക്കോടതി, Amandeep Singh Johar Vs State of NCT of Delhi എന്ന തലക്കെട്ടിലെ 07-02-2018 തീയതിയിലെ വിധിന്യായത്തിലൂടെയും CrPC 41A വകുപ്പിൽ സൂചിപ്പിക്കുന്നതു പ്രകാരം പോലീസ് ഉദ്യോഗസ്ഥർ നിർബന്ധമായും പാലിക്കേണ്ട നടപടിക്രമങ്ങളെ കുറിച്ച് സ്പഷ്ടമായി വിവരിച്ചിട്ടുണ്ട്. CrPC 41A വകുപ്പ് പ്രകാരമുള്ള നോട്ടീസിന്റെ ഒരു മാതൃകാ രൂപവും, ബഹു.ഡൽഹി ഹൈക്കോടതിയുടെ നിർദ്ദേശങ്ങളും, ഈ സ്റ്റാൻഡിംഗ് ഓഡറിൽ വിവരിച്ചിട്ടുള്ളതും <u>അനുബന്ധം-എ</u> ആയി ഉൾക്കൊള്ളിച്ചിട്ടുള്ളതുമാണ്.

ഒരു പോലീസ് ഉദ്യോഗസ്ഥനു മുൻപാകെ ഒരു രേഖയോ അല്ലെങ്കിൽ മറ്റ് കാര്യങ്ങളോ ഹാജരാക്കുന്നതിന് ഒരാളെ വിളിപ്പിക്കുന്നത് സംബന്ധിച്ച്, CrPC വകുപ്പ് 91 വ്യവസ്ഥ ചെയ്യുന്നു. ബഹു.ഡൽഹി ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ അനുസരിച്ച്, ഈ വകുപ്പ് പ്രകാരം നൽകേണ്ട നോട്ടീസിന്റെ മാതൃക അനുബന്ധം – ബി ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്.

CrPC 160, 175 വകുപ്പുകൾ പ്രകാരം, ഒരു അന്വേഷണമോ, പരിശോധനയോ നടത്തുന്ന ഒരു ഉദ്യോഗസ്ഥൻ, അത്തരം അന്വേഷണത്തിന് അല്ലെങ്കിൽ പരിശോധനക്ക് ഹാജരാകാൻ ആവശ്യപ്പെടുന്ന ഏതൊരു വ്യക്തിക്കും കൃത്യമായി രേഖാമൂലം ആയതിന് നിർദ്ദേശം നൽകേണ്ടതും, അപ്രകാരം വിളിപ്പിക്കുന്ന വ്യക്തിയുടെ പക്കലുള്ള ഉത്തരവിന്റെ പകർപ്പിൽ, ടിയാൻ എത്തിച്ചേർന്ന തീയതിയും സമയവും, ടിയാനെ വിളിച്ചുവരുത്തപ്പെട്ട സ്ഥലത്തുനിന്നും മടങ്ങിപ്പോയ സമയവും തീയതിയും സാക്ഷ്യപ്പെടുത്തേണ്ടതുമാണ്. ബഹു.ഡൽഹി ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ പ്രകാരം, മേൽപ്പറഞ്ഞ വകുപ്പുകൾ സംബന്ധിച്ച ഫോമുകളുടെ മാതൃക ഈ സ്റ്റാൻഡിംഗ് ഉത്തരവിനൊപ്പം യഥാക്രമം <u>അനുബന്ധം സി യും & ഡിയുമായി</u> ഉൾക്കൊള്ളിച്ചിട്ടുണ്ട്.

II. <u>പ്രസക്തമായ നിയമാനുസൃത വ്യവസ്ഥകൾ</u>

ബഹു.ഡൽഹി ഹൈക്കോടതി പാസ്സാക്കിയ 'Amandeep Singh Johar Vs Govt. of NCT of Delhi & Ors' എന്ന തലക്കെട്ടുള്ള കേസിലെ വിധിന്യായം പരിശോധിക്കുന്നതിന് മുൻപ്, ഏതൊരു വ്യക്തിയും, ഒരു പോലീസ് ഉദ്യോഗസ്ഥനു മുൻപാകെ ഹാജരാകേണ്ട ആവശ്യകതയുമായി ബന്ധപ്പെട്ട നിയമപരമായ വ്യവസ്ഥകൾ പ്രതിപാദിക്കുന്നത് പ്രയോജനപ്രദമാകും. വ്യക്തതയോടു കൂടിയ വായനക്കായി CrPC 41A, 91, 160,175 വകുപ്പുകളിലെ വ്യവസ്ഥകളുടെ സംഗ്രഹം ചുവടെ ചേർക്കും പ്രകാരം പുനരുദ്ധരിക്കുന്നു.

**<u>വകുപ്പ് 41A CrPc (പോലീസ് ഉദ്യോഗസ്ഥന്റെ മുൻപാകെ ഹാജരാകുന്നതിനുള്ള സമൻസ്)</u>**

1. വകുപ്പ് 41 ഉപവകുപ്പ് (1) ലെ വ്യവസ്ഥകൾ പ്രകരം, ഒരു വ്യക്തിയുടെ അറസ്റ്റ് അവശ്യമില്ലാത്ത എല്ലാ കേസുകളിലും, പോലീസ് ഉദ്യോഗസ്ഥൻ, ഏത്

വ്യക്തിക്കെതിരെയാണ് ന്യായമായ പരാതി ഉന്നയിക്കപ്പെട്ടിട്ടുള്ളത്, അല്ലെങ്കിൽ വിശ്വസനീയമായ വിവരം ലഭിച്ചിട്ടുള്ളത് അല്ലെങ്കിൽ ടിയാൻ പോലീസിന് നേരിട്ട് കേസെടുക്കുന്ന ഒരു കുറ്റകൃത്യം ചെയ്തതായി ന്യായമായ സംശയം ഉള്ള പക്ഷമോ, ടിയാനെ തന്റെ മുൻപിലോ അല്ലെങ്കിൽ നോട്ടീസിൽ വ്യക്തമാക്കും പ്രകാരം മറ്റ് സ്ഥലത്തോ ഹാജരാകുന്നതിന് നിർദ്ദേശിച്ചു കൊണ്ട് ഒരു നോട്ടീസ് നൽകേണ്ടതാണ്.

2. ഏതെങ്കിലും വ്യക്തിക്ക് അപ്രകാരം നോട്ടീസ് നൽകപ്പെടുമ്പോൾ, ആ നോട്ടീസിലെ വ്യവസ്ഥകൾ പാലിക്കേണ്ടത് ആ വ്യക്തിയുടെ ഉത്തരവാദിത്തമായിരിക്കുന്നതാണ്.
3. അത്തരം വ്യക്തി ആയത് പാലിക്കുകയും, നോട്ടീസിലെ നിർദ്ദേശങ്ങൾ അനുവർത്തിക്കുന്നത് തുടരുകയും ചെയ്യുമ്പോൾ, രേഖപ്പെടുത്താവുന്ന കാരണങ്ങളാൽ അയാളെ അറസ്റ്റ് ചെയ്യേണ്ടതുണ്ടെന്ന് ആ പോലീസ് ഉദ്യോഗസ്ഥന് അഭിപ്രായമുള്ളപ്പോഴല്ലാതെ ആ നോട്ടീസിൽ പരാമർശിച്ചിട്ടുള്ള കുറ്റകൃത്യവുമായി ബന്ധപ്പെട്ട് അയാളെ അറസ്റ്റ് ചെയ്യുവാൻ പാടുള്ളതല്ല.
4. അത്തരം വ്യക്തി, ഏതെങ്കിലും സമയം, നോട്ടീസിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ പരാജയപ്പെടുകയോ അല്ലെങ്കിൽ സ്വയം തിരിച്ചറിയപ്പെടുവാൻ തയ്യാറാക്കാതിരിക്കുകയോ ചെയ്യുമ്പോൾ, ഇത് സംബന്ധിച്ച് അധികാരപ്പെട്ട കോടതി പാസ്സാക്കിയിട്ടുള്ള ഉത്തരവുകൾക്കു വിധേയമായി നോട്ടീസിൽ സൂചിപ്പിച്ചിട്ടുള്ള കുറ്റത്തിന് ടിയാനെ അറസ്റ്റ് ചെയ്യാവുന്നതാണ്.

<u>വകുപ്പ് 91 Cr.PC **(രേഖയോ അല്ലെങ്കിൽ മറ്റ് കാര്യമോ ഹാജരാക്കുന്നതിനുള്ള സമൻസ്)**</u>

1. ഏതെങ്കിലും കോടതിയോ, അല്ലെങ്കിൽ ഒരു പോലീസ് സ്റ്റേഷന്റെ ചുമതലയുള്ള ഏതെങ്കിലും ഉദ്യോഗസ്ഥനോ, ഏതെങ്കിലും അന്വേഷണത്തിനോ, വിചാരണയ്ക്കോ അല്ലെങ്കിൽ ഈ നിയമസംഹിതയുടെ കീഴിലുള്ള മറ്റ് നടപടിക്രമങ്ങൾക്കോ അത്തരം കോടതി അല്ലെങ്കിൽ ഓഫീസർ മുഖേനയോ, അല്ലെങ്കിൽ മുൻപാകെയോ ഏതെങ്കിലും രേഖ അല്ലെങ്കിൽ സംഗതി ഹാജരാക്കേണ്ടത് ആവശ്യമോ അഭികാമ്യമോ ആണെന്ന് കരുതുമ്പോൾ, അത്തരം രേഖ അല്ലെങ്കിൽ സംഗതി കൈവശം ഉണ്ടെന്ന് കരുതുന്ന വ്യക്തിക്ക് അത്തരം കോടതി സമൻസ് പുറപ്പെടുവിക്കുകയോ, അല്ലെങ്കിൽ അത്തരം ഉദ്യോഗസ്ഥന് രേഖാമൂലമുള്ള ഉത്തരവ് മുഖേനയോ, സമൻസിലോ ഉത്തരവിലോ പറഞ്ഞിട്ടുള്ള സമയത്തും സ്ഥലത്തും ഹാജരായി ആയത് ഹാജരാക്കുവാനോ അല്ലെങ്കിൽ ആയത് ഹാജരാക്കുവാനോ ആവശ്യപ്പെടാവുന്നതാണ്.
2. ഈ വകുപ്പു പ്രകാരം കേവലം ഒരു രേഖയോ മറ്റ് കാര്യമോ ഹാജരാക്കാൻ ആവശ്യപ്പെടുന്ന ഏതൊരു വ്യക്തിയും, ആയത് വ്യക്തിപരമായി ഹാജരാക്കുന്നതിനു പകരം, അത്തരം രേഖയോ, വസ്തുവോ ഹാജരാക്കാൻ ഇടയാക്കിയാൽ അഭ്യർത്ഥന പാലിച്ചതായി കണക്കാക്കപ്പെടുന്നതാണ്.

(3) ഈ വകുപ്പിലെ യാതൊന്നും തന്നെ

എ) 1872 - ലെ ഇന്ത്യൻ തെളിവ് നിയമം (1872-ലെ 1) 123, 124 വകുപ്പുകൾ, അല്ലെങ്കിൽ 1891 - ലെ ബാങ്കേഴ്സ് ബുക്ക്സ് എവിഡൻസ് ആക്ട് നെ (1891 ലെ 13) ബാധിക്കുന്നതായി കരുതാവുന്നതല്ല അല്ലെങ്കിൽ

ബി) തപാൽ അല്ലെങ്കിൽ ടെലഗ്രാഫ് അതോറിറ്റിയുടെ കൈവശമുള്ള എതെങ്കിലും കത്ത്, പോസ്റ്റ്കാർഡ്, ടെലഗ്രാം അല്ലെങ്കിൽ തപാൽ അല്ലെങ്കിൽ മറ്റ് രേഖ അല്ലെങ്കിൽ ഏതെങ്കിലും പാഴ്സൽ അല്ലെങ്കിൽ വസ്തുവിന് ബാധകമാവുന്നതല്ല.

## വകുപ്പ് 160 CrPC (സാക്ഷികൾ ഹാജരാകണമെന്ന് ആവശ്യപ്പെടുവാൻ പോലീസ് ഉദ്യോഗസ്ഥനുള്ള അധികാരം)

1. ഈ അധ്യായത്തിൻ കീഴിൽ, ഒരു അന്വേഷണം നടത്തുന്ന ഏത് പോലീസ് ഉദ്യോഗസ്ഥനും, രേഖാമൂലമുള്ള ഉത്തരവ് പ്രകാരം, ടിയാന്റെ സ്വന്തമോ, അല്ലെങ്കിൽ അടുത്ത സ്ഥിതി ചെയ്യുന്നതോ ആയ പോലീസ് സ്റ്റേഷൻ പരിധിയിലെ ഏതൊരു വ്യക്തിയോടും, ലഭിച്ച വിവരത്തിൽ നിന്നോ, മറ്റുതരത്തിലോ, ഈ കേസിന്റെ വസ്തുതകളും സാഹചര്യങ്ങളുമായി പരിചയമുണ്ടെന്ന് കാണുന്ന പക്ഷം, തന്റെ മുൻപാകെ ഹാജരാകുന്നതിന്, ആവശ്യപ്പെടാവുന്നതും, അത്തരം വ്യക്തി ആവശ്യപ്പെടും പ്രകാരം ഹാജരാകേണ്ടതുമാണ്.

എന്നാൽ, 15 വയസ്സിനു താഴെ പ്രായമുള്ളതോ 65 വയസ്സിനു മുകളിൽ പ്രായമുള്ളതോ ആയ ഒരു പുരുഷനെയോ, അല്ലെങ്കിൽ ഒരു സ്ത്രീയെയോ അല്ലെങ്കിൽ മാനസികമോ ശാരീരികമോ ആയ വെല്ലുവിളി നേരിടുന്ന ഒരു വ്യക്തിയെയോ, അത്തരം പുരുഷനോ, അങ്ങനെയുള്ള സ്ത്രീയോ താമസിക്കുന്ന സ്ഥലത്തല്ലാതെ മറ്റേതെങ്കിലും സ്ഥലത്ത് ഹാജരാകണമെന്ന് ആവശ്യപ്പെടാൻ പാടുള്ളതല്ല.

1. സംസ്ഥാന സർക്കാരിന് ഇതിനുവേണ്ടി ഉണ്ടാക്കിയിട്ടുള്ള ചട്ടങ്ങൾ മുഖേന (1) –ാം ഉപവകുപ്പിൻ കീഴിൽ തന്റെ വസതിയല്ലാത്ത മറ്റേതെങ്കിലും സ്ഥലത്ത് ഹാജരാകുന്ന ഏതൊരാളുടെയും ന്യായമായ ചെലവുകൾ പോലീസ് ഉദ്യോഗസ്ഥൻ കൊടുക്കുന്നതിനുള്ള വ്യവസ്ഥ ചെയ്യാവുന്നതാണ്. _

## വകുപ്പ് 175 സി.ആർ.പി.സി (വ്യക്തികളെ വിളിച്ചുവരുത്തുന്നതിനുള്ള അധികാരം)

(1) വകുപ്പ് 174 പ്രകാരം നടപടി തുടരുന്ന ഒരു പോലീസ് ഉദ്യോഗസ്ഥൻ, രേഖാമൂലമുള്ള ഉത്തരവ് പ്രകാരം, മേൽ പ്രസ്താവിച്ചതു പോലെ, പ്രസ്തുത അന്വേഷണത്തിന്റെ ആവശ്യത്തിലേക്കായി, രണ്ടോ അതിലധികമോ വ്യക്തികളെയോ കേസിന്റെ വസ്തുതകളുമായി പരിചയമുണ്ടെന്നു കാണുന്ന മറ്റേതൊരു വ്യക്തിയെയോ, വിളിച്ചുവരുത്താവുന്നതും, അപ്രകാരം വിളിച്ചുവരുത്തുന്ന ഒരോ വ്യക്തിയും, അപ്രകാരം ഹാജരാകുവാനും, ടിയാനെ ഒരു ക്രിമിനൽ കുറ്റം അല്ലെങ്കിൽ, പിഴ അല്ലെങ്കിൽ കണ്ടുകെട്ടലിന് വിധേയമാക്കാൻ സാധ്യതയുണ്ടാക്കിയേക്കാവുന്ന ചോദ്യങ്ങൾക്കൊഴികെ എല്ലാ ചോദ്യങ്ങൾക്കും സത്യസന്ധമായി ഉത്തരം നൽകാൻ ബാദ്ധ്യസ്ഥനാകുന്നതുമാണ്.

(2) വസ്തുതകൾ, 170 –ാം വകുപ്പ് ബാധകമാകുന്ന ഒരു കോഗ്നിസിബിൾ കുറ്റകൃത്യം വെളിപ്പെടുത്തുന്നില്ല എങ്കിൽ, അത്തരം വ്യക്തികളെ മജിസ്ട്രേറ്റ് കോടതിയിൽ ഹാജരാകുവാൻ പോലീസ് ഉദ്യോഗസ്ഥൻ ആവശ്യപ്പെടുവാൻ പാടുള്ളതല്ല.

III. നോട്ടീസുകൾ/ഉത്തരവുകൾ പുറപ്പെടുവിക്കാനുള്ള നടപടിക്രമം

ബഹുമാനപ്പെട്ട ഡൽഹി ഹൈക്കോടതി പാസ്സാക്കിയ 'Amandeep Singh Johar Vs govt of NCT of Delhi' എന്ന തലക്കെട്ടിലുള്ള കേസിലെ വിധി പരിഗണിച്ചുകൊണ്ട്, 41A വകുപ്പിന്റെ പ്രവർത്തനത്തെ സംബന്ധിച്ചിടത്തോളം കേരള പോലീസ് ഇനിപ്പറയുന്ന നടപടിക്രമങ്ങൾ കർശനമായി പാലിക്കേണ്ടതാണെന്ന് നിർദ്ദേശിക്കുന്നു.

(i) പോലീസ് ഉദ്യോഗസ്ഥർ ക്രിമിനൽ നടപടിക്രമത്തിലെ 41 A വകുപ്പ് പ്രകാരം, ക്രിമിനൽ നടപടിക്രമത്തിലെ അധ്യായം – VI ൽ അടങ്ങിയിട്ടുള്ള വ്യവസ്ഥകളുടെ വിധത്തിലും, അവയ്ക്കനുസൃതമായും, നോട്ടീസുകൾ (നിർദ്ദിഷ്ട മാതൃകയിൽ) ഔപചാരികമായി നിർബന്ധമായും നൽകിയിരിക്കേണ്ടതാണ്. 41A Cr.Pc വകുപ്പ് പ്രകാരമുള്ള നോട്ടീസിന്റെ മാതൃകയും, ആയതിന്റെ കൈപ്പറ്റും, അനുബന്ധം - Aആയി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.

(ii) ബന്ധപ്പെട്ട സംശയിക്കപ്പെടുന്ന വ്യക്തി അല്ലെങ്കിൽ കുറ്റാരോപിതനായ വ്യക്തി ക്രിമിനൽ നടപടിക്രമത്തിലെ 41A വകുപ്പ് പ്രകാരമുള്ള നോട്ടീസിലെ നിബന്ധനകൾ പാലിക്കേണ്ടതും,

ആവശ്യപ്പെടുന്ന സമയത്തും സ്ഥലത്തും സ്വയം ഹാജരാകേണ്ടതുമാണ്.

(iii) കുറ്റാരോപിതന്, ഏതെങ്കിലും സാധുതയുള്ളതും ന്യായവുമായ കാരണത്താൽ, തന്നിരിക്കുന്ന സമയത്ത് ഹാജരാകാൻ കഴിയുന്നില്ല എങ്കിൽ, കുറ്റാരോപിതൻ ഉടൻ തന്നെ അന്വേഷണ ഉദ്യോഗസ്ഥനെ, ആയത് രേഖാമൂലം അറിയിക്കേണ്ടതും, ന്യായമായ കാലയളവിനുള്ളിൽ അതായത്, മാതൃകാപരമായി ടിയാൻ ഹാജരാകുവാൻ ആവശ്യപ്പെട്ടിരുന്ന തീയതി മുതൽ 4 പ്രവൃത്തി ദിനങ്ങളിൽ കവിയാത്ത കാലയളവിനുള്ളിൽ മറ്റൊരു സമയം ആവശ്യപ്പെടേണ്ടതുമാണ്.

(iv) അന്വേഷണത്തിന് ഹാനികരമല്ലെങ്കിൽ, പോലീസ് ഉദ്യോഗസ്ഥന്, കേസ് ഡയറിയിൽ രേഖപ്പെടുത്താൻ ന്യായമായ കാരണങ്ങൾ ഉണ്ടെങ്കിൽ മാത്രം, അത്തരം പുനഃക്രമീകരണം അനുവദിക്കാവുന്നതാണ്. അന്വേഷണത്തിന് കാലതാമസം വരുത്താനാണ് അപ്രകാരം കാലയളവ് ദീർഘിപ്പിക്കുന്നതെന്ന് അന്വേഷണ ഉദ്യോഗസ്ഥൻ വിശ്വസിക്കുകയോ അല്ലെങ്കിൽ സംശയിക്കപ്പെടുന്നയാളോ കുറ്റാരോപിതനോ കൂടുതൽ സമയം ആവശ്യപ്പെട്ടുകൊണ്ട് ഒഴിഞ്ഞുമാറുകയാണെങ്കിലോ (ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലെ SHO/DCP ക്ക് അറിയിപ്പ് ലഭിക്കുന്നതിന് വിധേയമായി) അത്തരം അപേക്ഷ നിരസിക്കേണ്ടതും, ആ വ്യക്തിയോട് നിർബന്ധമായും ഹാജരാകാൻ ആവശ്യപ്പെടേണ്ടതുമാണ്.

(v) Cr.PC 41A വകുപ്പ് പ്രകാരം ഔപചാരികമായി ഒരു അന്വേഷണത്തിനോ, ചോദ്യം ചെയ്യലിനോ നോട്ടീസ് ലഭിക്കുകയും പോലീസ് സ്റ്റേഷനിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനു മുൻപാകെ ഹാജരാകുകയും ചെയ്യുന്ന സംശയിക്കപ്പെടുന്ന അല്ലെങ്കിൽ കുറ്റാരോപിതനായ ഒരു വ്യക്തിക്ക്, ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥനോട് കൈപ്പറ്റ് രസീത് നൽകുവാൻ ആവശ്യപ്പെടാവുന്നതാണ്.

(vi) സംശയിക്കപ്പെടുന്ന വ്യക്തിയെയോ, കുറ്റാരോപിതനെയോ പോലീസ് സ്റ്റേഷനിലല്ലാതെ മറ്റൊരു സ്ഥലത്ത് ഹാജരാകാൻ നിർദ്ദേശിച്ചിട്ടുണ്ടെങ്കിൽ (Cr.Pc 41A) വകുപ്പിൽ വ്യവസ്ഥ ചെയ്യും പ്രകാരം) കുറ്റാരോപിതന്, ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥൻ സ്വയം സാക്ഷ്യപ്പെടുത്തി നൽകുന്ന കൈപ്പറ്റ് രസീതിനു പുറമേ, സ്ഥലത്ത് ഹാജരുള്ള ഒരു സ്വതന്ത്ര സാക്ഷിയിൽ നിന്നും കൂടി കൈപ്പറ്റ് രസീത് സാക്ഷ്യപ്പെടുത്തി ലഭിക്കുവാൻ സ്വാതന്ത്ര്യമുണ്ട്.

(vii) പോലീസ് സ്റ്റേഷനിലെ സ്റ്റേഷൻ ഹൗസ് ഓഫീസർ ക്രമനമ്പരായി രേഖപ്പെടുത്തിയ നോട്ടീസുകളുടെ മൂന്ന് കാർബൺ പകർപ്പുകൾ അടങ്ങിയ ബുക്ക് ലെറ്റ് അന്വേഷണ ഉദ്യോഗസ്ഥന് നൽകേണ്ടതാണ്. നോട്ടീസിൽ ചുവടെ ചേർക്കുന്ന വിവരങ്ങൾ നിർബന്ധമായും ഉൾപ്പെടുത്തിയിരിക്കേണ്ടതാണ്.

1. ക്രമനമ്പർ
2. കേസ് നമ്പർ
3. ഹാജരാകേണ്ട തീയതിയും സമയവും
4. ഹാജരാകാതിരിക്കുന്ന പക്ഷം നേരിടേണ്ടിവരുന്ന പരിണതഫലങ്ങൾ
5. കൈപ്പറ്റ് രസീത്

(viii) അന്വേഷണ ഉദ്യോഗസ്ഥൻ ചുവടെ ചേർക്കുന്ന നടപടിക്രമം പാലിക്കേണ്ടതാണ്ഃ-

1. നോട്ടീസിന്റെ ഒറിജിനൽ പ്രതിക്ക് അല്ലെങ്കിൽ സംശയിക്കപ്പെടുന്നയാൾക്ക് നൽകണം;
2. ഒരു കാർബൺ പകർപ്പ് (വെള്ളപേപ്പറിൽ) അന്വേഷണ ഉദ്യോഗസ്ഥൻ തന്റെ കേസ് ഡയറിയിൽ സൂക്ഷിക്കേണ്ടതും ആയത് ആവശ്യപ്പെടുന്ന സമയത്ത് ബന്ധപ്പെട്ട മജിസ്ട്രേറ്റിനെ കാണിക്കാവുന്നതുമാണ്;
3. ഉപയോഗിച്ച ബുക്ക് ലെറ്റുകൾ അന്വേഷണ ഉദ്യോഗസ്ഥൻ പോലീസ് സ്റ്റേഷൻ SHO യെ തിരികെ ഏൽപ്പിക്കേണ്ടതും, അദ്ദേഹം അന്വേഷണം പൂർത്തീകരിച്ച്, Cr.Pc 173(2) വകുപ്പ് പ്രകാരം അന്തിമ റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ ആയത് സൂക്ഷിക്കേണ്ടതുമാണ്.
4. അത്തരം ബുക്ക് ലെറ്റുകളുടെ പരിപാലനത്തിനും, നശിപ്പിക്കലിനുമായി പോലീസ് വകുപ്പ്

അനുയോജ്യമായ ചട്ടങ്ങൾ രൂപവൽക്കരിക്കേണ്ടതാണ്.

## IV ബഹു: ഡൽഹി ഹൈക്കോടതിയുടെ നിർദ്ദേശങ്ങൾ

1. ക്രിമിനൽ നടപടിനിയമസംഹിതയിലെ 91, 160, 175 വകുപ്പുകളുടെ പ്രവർത്തനത്തിനും മുകളിലെ നടപടിക്രമം ബാധകമാക്കേണ്ടതാണെന്ന് ബഹു.ഡൽഹി ഹൈക്കോടതി തുടർന്ന് നിർദ്ദേശിച്ചിട്ടുണ്ട് മുകളിൽ സൂചിപ്പിച്ച എല്ലാ വകുപ്പുകളുടെയും ആവശ്യകതകൾ നിറവേറ്റുമ്പോൾ കേരള പോലീസ് മേൽ നടപടിക്രമം നിർബന്ധമായും പാലിക്കേണ്ടതാണ്.
2. 41A, 91, 160 & 175 വകുപ്പുകൾ പ്രകാരം പുറപ്പെടുവിക്കുന്ന നോട്ടീസുകളുടെ മാതൃക യഥാക്രമം അനുബന്ധം A, B, C, D ആയി ചേർത്തിരിക്കുന്നു.
3. ഓരോ പോലീസ് സ്റ്റേഷനിലെയും ഡ്യൂട്ടി ഓഫീസർ, അന്വേഷണ ഉദ്യോഗസ്ഥൻ പുറപ്പെടുവിച്ചിട്ടുള്ള നോട്ടീസുകളുടെ പ്രസക്തമായ വിശദാംശങ്ങൾ ഉൾപ്പെടുന്ന ഒരു നോൺ പി.പി.ആർ രജിസ്റ്റർ അനുബന്ധം-E പ്രകാരം, വാർഷികാടിസ്ഥാനത്തിൽ തയ്യാറാക്കി സൂക്ഷിക്കേണ്ടതാണ്.

## V. ഉത്തരവാദിത്ത മേഖല

1. അത്തരം നോട്ടീസുകൾ പുറപ്പെടുവിക്കുമ്പോൾ, ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥൻ തന്നിരിക്കുന്ന തീയതിയിലും സമയത്തും തന്റെ സാന്നിദ്ധ്യം ഉറപ്പാക്കേണ്ടതാണ്. എന്തെങ്കിലും അപ്രതീക്ഷിത സാഹചര്യങ്ങളോ, ഔദ്യോഗിക ആവശ്യങ്ങളോ കാരണം, അയാൾക്ക് മാറിനിൽക്കേണ്ടതായി വന്നാൽ, പോലീസ് ഇൻസ്പെക്ടർ (അന്വേഷണം) അല്ലെങ്കിൽ എസ്.എച്ച്.ഒ നോട്ടീസ് ലഭിച്ചയാളുടെ കാര്യത്തിൽ ആവശ്യമായ നടപടി സ്വീകരിക്കേണ്ടതാണ്. എന്നിരുന്നാലും, പ്രവർത്തന സ്വഭാവമുള്ള ഗുരുതരമായ അത്യാവശ്യം കാരണം മേൽപറഞ്ഞ ഉദ്യോഗസ്ഥർ ആരുംതന്നെ ഹാജരാകാത്ത അപൂർവ്വ സാഹചര്യത്തിൽ, നോട്ടീസ് ലഭിച്ചയാളിന്റെ സാന്നിദ്ധ്യം രേഖപ്പെടുത്തുമ്പോൾ, ഡ്യൂട്ടി ഓഫീസർ ആവശ്യമായ കൈപ്പറ്റ് രസീത് നൽകേണ്ടതും, ആയതിലേക്ക് ഒരു ജി.ഡി എൻട്രി രേഖപ്പെടുത്തേണ്ടതുമാണ്. കൂടാതെ ഡ്യൂട്ടി ഓഫീസർ നോട്ടീസ് ലഭിച്ച ആളിൽ നിന്നും തിരിച്ചറിയൽ രേഖകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു പകർപ്പ് ശേഖരിക്കേണ്ടതും, ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥൻ അല്ലെങ്കിൽ SHO യെ അറിയിക്കേണ്ടതുമാണ്. ജി.ഡി. എൻട്രിയുടെയും, തിരിച്ചറിയൽ രേഖയുടെയും ഒരു പകർപ്പ് അന്വേഷണ ഉദ്യോഗസ്ഥൻ എത്തിച്ചേർന്നാലുടൻ തന്നെ ടിയാന് കൈമാറേണ്ടതുമാണ്.
2. തങ്ങൾ വിളിച്ചു വരുത്തുന്ന വ്യക്തികളുടെ വ്യക്തിഗത സുരക്ഷയുമായി ബന്ധപ്പെട്ട മുഴുവൻ ശ്രദ്ധയും, മുൻകരുതലും പ്രയോഗിക്കുന്നതിന് അന്വേഷണ ഉദ്യോഗസ്ഥർ ബാദ്ധ്യസ്ഥരാണ്. അത്തരം സാക്ഷി അല്ലെങ്കിൽ കുറ്റാരോപിതൻ ആത്മഹത്യ ചെയ്യുന്നതിനോ അല്ലെങ്കിൽ സ്വയം എന്തെങ്കിലും ശാരീരിക ഉപദ്രവം ഏൽപ്പിക്കുന്നതിനോ മുതിരുവാനുള്ള സാദ്ധ്യതയ്ക്കെതിരെ അവർ ജാഗ്രത പുലർത്തേണ്ടതാണ്. അന്വേഷണ ഉദ്യോഗസ്ഥൻമാരുടെ പ്രവർത്തനം കഴിയുന്നതും പോലീസ് സ്റ്റേഷനുകളുടെ താഴത്തെ നിലയിൽ നിർവ്വഹിക്കേണ്ടതാണ്.
3. ഒരു സ്ത്രീയെ ചോദ്യം ചെയ്യേണ്ടതായിട്ടോ, അന്വേഷിച്ചറിയേണ്ടതായിട്ടോ ഉണ്ടാകുകയും CrPC വകുപ്പ് 160 പ്രകാരം ഒരു നോട്ടീസ് നൽകേണ്ടതായുമുണ്ടെങ്കിൽ, ഒരു സ്ത്രീയെ പോലീസ് സ്റ്റേഷനിലേക്ക് വിളിച്ച് വരുത്താൻ കഴിയില്ല എന്ന കാര്യം അന്വേഷണ ഉദ്യോഗസ്ഥൻ ഓർമ്മിക്കേണ്ടതാണ്. എന്നിരുന്നാലും, നോട്ടീസിൽ സ്ത്രീയെ എവിടെ വച്ചാകും ചോദ്യം ചെയ്യുക എന്നതും സൂചിപ്പിക്കേണ്ടതാണ്. സാധാരണയായി

സ്ത്രീ താമസിക്കുന്ന സ്ഥലത്ത്, കഴിവതും, മറ്റ് കുടുംബാംഗങ്ങളുടെയോ, വനിതാ പോലീസ് ഉദ്യോഗസ്ഥരുടെയോ സാന്നിദ്ധ്യത്തിൽ ആയിരിക്കണം ചോദ്യം ചെയ്യേണ്ടത്.

4. CrPC വകുപ്പ് 160 പ്രകാരം, 15 വയസ്സിൽ താഴെ പ്രായമുള്ളതോ 65 വയസ്സിനു മേൽ പ്രായമുള്ളതോ ആയ പുരുഷനെയോ അല്ലെങ്കിൽ സ്ത്രീയെയോ അല്ലെങ്കിൽ മാനസികമായോ ശാരീരികമായോ വെല്ലുവിളി നേരിടുന്നവരെയോ അപ്രകാരമുള്ള പുരുഷൻ താമസിക്കുന്ന സ്ഥലത്തിനു പുറമെയുള്ള മറ്റേതെങ്കിലും സ്ഥലത്ത് ഹാജരാകുവാൻ ആവശ്യപ്പെടാവുന്നതല്ല. ബാലനീതി നിയമപ്രകാരം, 18 വയസ്സിനു താഴെ പ്രായമുള്ള ആൺകുട്ടിയെ, ടിയാൻ താമസിക്കുന്ന സ്ഥലത്ത് വച്ച് കഴിവതും, മറ്റ് കുടുംബാംഗങ്ങൾ, രക്ഷിതാക്കൾ, യോഗ്യരായ മറ്റ് വ്യക്തികൾ അല്ലെങ്കിൽ ബാലക്ഷേമ ഉദ്യോഗസ്ഥർ എന്നിവരുടെ സാന്നിദ്ധ്യത്തിലായിരിക്കണം ചോദ്യം ചെയ്യേണ്ടത്.
5. നോട്ടീസുകളുടെയും, കൈപ്പറ്റ് രസീതിന്റെയും മാതൃകയിൽ വരുത്തിയിട്ടുള്ള പരിഷ്ക്കാരങ്ങളോടുകൂടി (vii) & (viii) മാർഗ്ഗനിർദ്ദേശങ്ങളിയെ മേൽ നിർദ്ദേശങ്ങൾക്ക് സമാനമായ മാതൃകയിൽ നടപടിക്രമങ്ങളുടെ കൈപ്പുസ്തകം (ക്രമനമ്പരായുള്ള നോട്ടീസുകളുടെ 3 പകർപ്പുകൾ അടങ്ങിയിട്ടുള്ള) കൃത്യമായി പരിപാലിച്ചിരിക്കേണ്ടതാണ്.
6. ക്രിമിനൽ നടപടി നിയമസംഹിതയിലെ വ്യവസ്ഥകളിലെ ഉത്തരവുകളും മേൽ നടപടിക്രമങ്ങളും പാലിക്കുന്നതിൽ അന്വേഷണ ഉദ്യോഗസ്ഥന്റെ ഭാഗത്തു നിന്നും ഉണ്ടാകുന്ന വീഴ്ച, അദ്ദേഹത്തിനെ പ്രസക്തമായ ചട്ടങ്ങൾ പ്രകാരമുള്ള ഉചിതമായ അച്ചടക്ക നടപടികൾക്ക് ബാദ്ധ്യസ്ഥനാക്കുന്നതാണ്.
7. പൊതുജനങ്ങൾക്ക് വലിയതോതിൽ അവബോധം നൽകുന്നതിനായി വിവിധ മാർഗ്ഗങ്ങളിലൂടെ വ്യാപക പ്രചരണം നൽകേണ്ടതാണ്.
8. ഇത് സംബന്ധിച്ച് പാലിക്കേണ്ട നടപടിക്രമങ്ങളെ കുറിച്ച് പൊതുജനങ്ങൾക്ക് അറിവ് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തുന്നതിനായി കേരള പോലീസിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ ഈ സ്റ്റാന്റിംഗ് ഓർഡർ മലയാളത്തിലും ഇംഗ്ലീഷിലും പ്രസിദ്ധീകരിക്കേണ്ടതാണ്.
9. പൊതുജനങ്ങൾക്ക് അവരുടെ അവകാശത്തെക്കുറിച്ചും, അവർക്ക് ലഭ്യമായ ഉപാധികളെക്കുറിച്ചും അറിവ് നൽകുന്നതിനായി പോലീസ് സ്റ്റേഷനുകൾ, കീഴ്ക്കോടതികൾ, ബഹു.ഹൈക്കോടതി തുടങ്ങിയ പ്രധാന സ്ഥലങ്ങളിൽ മേൽ വിവരം പ്രദർശിപ്പിക്കേണ്ടതും, സംസ്ഥാന, ജില്ലാ നിയമസഹായ അതോറിറ്റികൾക്ക് ലഭ്യമാക്കേണ്ടതുമാണ്.
10. ക്രിമിനൽ നടപടിനിയമസംഹിതയിലെ 41A, 91, 160, 175 വകുപ്പുകൾ ഫലപ്രദമായി പാലിക്കുന്നതിന് പോലീസ് ഉദ്യോഗസ്ഥർക്കും, ജുഡീഷ്യൽ ഉദ്യോഗസ്ഥർക്കും അവബോധം പകരുന്നതിനായി പ്രത്യേക പരിശീലന പദ്ധതികൾക്ക് രൂപം നൽകേണ്ടതാണ്.

## VI. <u>രേഖകളുടെ നിലനിർത്തൽ/നശീകരണം</u>

അന്വേഷണ ഉദ്യോഗസ്ഥൻ പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ ക്ക് നൽകുന്ന ഉപയോഗിച്ച ബുക്ക് ലെറ്റുകൾ, അന്വേഷണം പൂർത്തിയാക്കി CrPC 173(2), 173(8) വകുപ്പുകൾ പ്രകാരം അന്തിമ റിപ്പോർട്ട് സമർപ്പിച്ചതിനും ശേഷം 3 വർഷക്കാലയളവുവരെ കേസുകളുടെ വിചാരണ സമയത്ത് എന്തെങ്കിലും ആവശ്യത്തിലേക്കായി സൂക്ഷിക്കേണ്ടതാണ്. നിർദ്ദിഷ്ട സമയപരിധിക്കുശേഷവും രേഖകൾ സൂക്ഷിക്കേണ്ടതായിട്ടുണ്ടെങ്കിൽ, ആയതിന് ബന്ധപ്പെട്ട ACP യുടെ അനുവാദം ആവശ്യമാണ്. ഏത് കേസിലും, അത്തരം രേഖകൾ അന്തിമമായി തീർപ്പാക്കുന്നതിനായി ACP യുടെ അനുവാദം നേടേണ്ടതാണ്.

## VII. <u>ഭേദഗതി ഖണ്ഡം</u>

സർക്കുലർ നം.07/2011 ന് ഭാഗിക പരിഷ്ക്കരണം വരുത്തിയാണ് ഈ സ്റ്റാന്റിംഗ് ഓർഡർ പുറപ്പെടുവിച്ചിട്ടുള്ളത്.

**അനുബന്ധങ്ങൾ**

**<u>അനുബന്ധം - എ</u>**

ക്രമ നമ്പർ....................

പോലീസ് സ്റ്റേഷൻ...............................

സ്വീകർത്താവ്

.............................................

പ്രതിയുടെ/നോട്ടീസ് ലഭിക്കുന്നയാളുടെ പേര്

..........................................................

(അവസാനമായി അറിയാവുന്ന വിലാസം)

..........................................................

(ഫോൺ നം/ഇ-മെയിൽ വിലാസം (ഏതെങ്കിലും ഉണ്ടെങ്കിൽ)

**<u>സി.ആർ.പി.സി വകുപ്പ് 41(A) പ്രകാരമുള്ള നോട്ടീസ്</u>**

.............................. പോലീസ് സ്റ്റേഷനിൽ ................................... വകുപ്പുകൾ പ്രകാരം ...........................തീയതിയിൽ രജിസ്റ്റർ ചെയ്ത ..................നമ്പർ എഫ്.ഐ.ആർ/കേസിന്റെ അന്വേഷണ വേളയിൽ, നിലവിലെ അന്വേഷണവുമായി ബന്ധപ്പെട്ട് വസ്തുതകളും, സാഹചര്യങ്ങളും കണ്ടെത്തുന്നതിന് താങ്കളെ ചോദ്യം ചെയ്യാൻ ന്യായമായ കാരണങ്ങളുണ്ടെന്ന് ബോദ്ധ്യപ്പെടുന്നതിനാൽ താങ്കൾ......................... തീയതി...................... AM/PM മണിക്ക്…............ പോലീസ് സ്റ്റേഷനിൽ എന്റെ മുൻപാകെ ഹാജരാകുവാൻ 1973 ലെ ക്രിമിനൽ നടപടി ക്രമത്തിലെ വകുപ്പ് 41(A) ഉപവകുപ്പ് (i) പ്രകാരമുള്ള അധികാരങ്ങൾ ഉപയോഗിച്ചു കൊണ്ട് ഇതിനാൽ താങ്കളോട് നിർദ്ദേശിക്കുന്നു.

താങ്കൾ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

എ) താങ്കൾ ഭാവിയിൽ യാതൊരു കുറ്റകൃത്യത്തിലും ഏർപ്പെടാൻ പാടില്ലാത്തതാണ്.

ബി) താങ്കൾ ഈ കേസിലെ തെളിവുകൾ എന്തുതന്നെയായാലും, യാതൊരു വിധത്തിലും നശിപ്പിക്കുവാൻ പാടുള്ളതല്ല.

സി) ഈ കേസിലെ വസ്തുതയുമായി ബന്ധമുള്ള ഏതൊരു വ്യക്തിയോടും, അത്തരം വസ്തുതകൾ കോടതിയോടോ അല്ലെങ്കിൽ പോലീസ് ഉദ്യോഗസ്ഥനോടോ വെളിപ്പെടുത്തുന്നതിൽ നിന്നും പിന്തിരിപ്പിക്കുന്ന വിധം താങ്കൾ യാതൊരു വിധത്തിലുമുള്ള ഭീഷണിയോ പ്രേരണയോ വാഗ്ദാനമോ ചെയ്യുവാൻ പാടുള്ളതല്ല.

ഡി) ആവശ്യപ്പെടുന്ന/നിർദ്ദേശിക്കുന്ന സമയത്തെല്ലാം കോടതി മുൻപാകെ താങ്കൾ ഹാജരാകേണ്ടതാണ്.

ഇ) ആവശ്യപ്പെടുമ്പോഴെല്ലാം ഈ കേസിന്റെ അന്വേഷണത്തിൽ താങ്കൾ പങ്കുചേരേണ്ടതും, അന്വേഷണവുമായി സഹകരിക്കേണ്ടതുമാണ്.

എഫ്) കേസിന്റെ ശരിയായ തീർപ്പിലെത്തുന്നതിനായി അന്വേഷണത്തിന്റെ ആവശ്യത്തിലേക്ക് പ്രസക്തമായ ഒരു ഭാഗവും മറച്ചുവയ്ക്കാതെ താങ്കൾ എല്ലാ വസ്തുതകളും സത്യസന്ധമായി വെളിപ്പെടുത്തേണ്ടതാണ്.

ജി) അന്വേഷണത്തിലേക്ക് ആവശ്യമായ എല്ലാ പ്രസക്ത രേഖകൾ/വസ്തുക്കൾ താങ്കൾ

ഹാജരാക്കേണ്ടതാണ്.

എച്ച്) കുറ്റപ്രതികളെ പിടികൂടുന്നതിന് താങ്കളുടെ മുഴുവൻ സഹകരണ/ സഹായങ്ങളും നൽകേണ്ടതാണ്.

ഐ) ഈ കേസിന്റെ അന്വേഷണത്തെയോ/വിചാരണയെയോ തടസ്സപ്പെടുത്തുന്ന വിധത്തിൽ എന്തെങ്കിലും തെളിവ് ഏതെങ്കിലും വിധത്തിൽ നശിപ്പിക്കുന്നത് അനുവദിക്കാൻ പാടില്ല.

ജെ) ഈ കേസിന്റെ വസ്തുതകൾ പ്രകാരം അന്വേഷണ ഉദ്യോഗസ്ഥൻ/എസ്.എച്ച്.ഒ നിർദ്ദേശിക്കുന്ന മറ്റ് നിബന്ധനകളും താങ്കൾ പാലിക്കേണ്ടതാണ്.

ഈ നോട്ടീസിലെ നിബന്ധനകൾ പാലിക്കുന്നതിൽ/ഹാജരാകുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം സി.ആർ.പി.സി വകുപ്പ് 41 A(3) ഉം (4) ഉം പ്രകാരം താങ്കളെ അറസ്റ്റ് ചെയ്യുന്നതിന് ഇടയാകുന്നതാണ്.

ഒപ്പ്................

പേരും സ്ഥാനപ്പേരും.......................

സീൽ .....................

## കൈപ്പറ്റ് രസീത്

ക്രമ.നം..........................

സി.ആർ.പി.സി വകുപ്പ് 41 A പ്രകാരം.................. തീയതി പുറപ്പെടുവിച്ച മേൽ നോട്ടീസിലെ നിർദ്ദേശം പാലിച്ചുകൊണ്ട്, നോട്ടീസ് ലഭിച്ച വ്യക്തി .......................... തീയതി......................മണി മുതൽ............... മണി വരെ സ്റ്റേഷനിൽ ഹാജരായിട്ടുള്ളതാണ്. നോട്ടീസ് ലഭിച്ചയാളിന്റെ സാന്നിദ്ധ്യം പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. നോട്ടീസ് ലഭിച്ചയാൾ ഹാജരാക്കിയ രേഖകൾ സീഷർ മെമ്മോ/പ്രൊഡക്ഷൻ മെമ്മോ/പ്രൊഡക്ഷൻ മെമ്മോ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) പ്രകാരം യഥാവിധി പിടിച്ചെടുത്തിട്ടുണ്ട്. നിലവിലെ അന്വേഷണ പുരോഗതിയിൽ തുടർന്നും ലഭിച്ചേക്കാവുന്ന ഏതെങ്കിലും നോട്ടീസും അവർ തുടർന്നും പാലിക്കുന്നതാണെന്ന് നോട്ടീസ് ലഭിച്ചയാൾ ഉറപ്പുനൽകുന്നു.

(പ്രതി/നോട്ടീസ് ലഭിച്ചയാളിന്റെ ഒപ്പ്)

(അന്വേഷണ ഉദ്യോഗസ്ഥന്റെ ഒപ്പ്)

**അനുബന്ധം - ബി**

സ്വീകർത്താവ്

............................................

പ്രതിയുടെ/നോട്ടീസ് ലഭിക്കുന്നയാളുടെ പേര്

............................................................

(അവസാനമായി അറിയാവുന്ന വിലാസം)

...........................................................

(ഫോൺ നം/ഇ-മെയിൽ വിലാസം (ഏതെങ്കിലും ഉണ്ടെങ്കിൽ)

## സി.ആർ.പി.സി വകുപ്പ് 91 പ്രകാരമുള്ള നോട്ടീസ്

................ പോലീസ് സ്റ്റേഷനിൽ ......................തീയതി..................നമ്പരായി രജിസ്റ്റർ ചെയ്ത കേസ്/എഫ്.ഐ.ആർ ന്റെ അന്വേഷണ ആവശ്യത്തിലേക്കായി ചുവടെ സൂചിപ്പിക്കുന്ന രേഖകൾ/വസ്തുക്കൾ ഹാജരാക്കേണ്ടതായിട്ടുണ്ട് എന്ന് എനിക്ക് ബോദ്ധ്യപ്പെടുന്നതിനാൽ, താങ്കൾ ..........................തീയതി.........AM/PM ന് ..........................സ്ഥലത്ത് എന്റെ മുൻപാകെ ആവശ്യമായ രേഖകൾ/വസ്തുക്കൾ ഹാജരാക്കുവാൻ താങ്കളോട് നിർദ്ദേശിക്കുന്നു.

രേഖകളുടെ വിശദവിവരങ്ങൾ

1....................................

2..................................

3......................................

4....................................

ഈ നോട്ടീസിലെ നിബന്ധനകൾ പാലിക്കാത്തപക്ഷം ഇന്ത്യൻ ശിക്ഷാനിയമത്തിലെ വകുപ്പ് വകുപ്പ് 175 പ്രകാരം നിയമ നടപടികൾ നേരിടുന്നതിന് താങ്കൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

ഒപ്പ്.....................

പേരും, സ്ഥാനപ്പേരും................

സീൽ

## കൈപ്പറ്റ് രസീത്

ക്രമ.നം..........................

സി.ആർ.പി.സി വകുപ്പ് 91 പ്രകാരം.................. തീയതി പുറപ്പെടുവിച്ച മേൽ നോട്ടീസിലെ നിർദ്ദേശം പാലിച്ചുകൊണ്ട്, നോട്ടീസ് ലഭിച്ച വ്യക്തി .......................... തീയതി......................മണി മുതൽ............... മണി വരെ സ്റ്റേഷനിൽ ഹാജരായിട്ടുള്ളതാണ്. നോട്ടീസ് ലഭിച്ചയാളിന്റെ സാന്നിദ്ധ്യം പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സി.ആർ.പി.സി വകുപ്പ് 91 പ്രകാരമാണ് ഈ കൈപ്പറ്റ് രസീത് നൽകുന്നത്. നോട്ടീസ് ലഭിച്ചയാൾ ഹാജരാക്കിയ രേഖകൾ സീഷർ മെമ്മോ/പ്രൊഡക്ഷൻ മെമ്മോ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) പ്രകാരം യഥാവിധി പിടിച്ചെടുത്തിട്ടുണ്ട്.

നിലവിലെ അന്വേഷണ പുരോഗതിയിൽ തുടർന്നും ലഭിച്ചേക്കാവുന്ന ഏതെങ്കിലും നോട്ടീസും അവർ തുടർന്നും പാലിക്കുന്നതാണെന്ന് നോട്ടീസ് ലഭിച്ചയാൾ ഉറപ്പുനൽകുന്നു.

(പ്രതി/നോട്ടീസ് ലഭിച്ചയാളിന്റെ ഒപ്പ്)

(അന്വേഷണ ഉദ്യോഗസ്ഥന്റെ ഒപ്പ്)

**അനുബന്ധം – സി**

ക്രമ നം...............

പോലീസ് സ്റ്റേഷൻ.............................

സ്വീകർത്താവ്

..............................................

പ്രതിയുടെ/നോട്ടീസ് ലഭിക്കുന്നയാളുടെ പേര്

............................................................

(അവസാനമായി അറിയാവുന്ന വിലാസം)

............................................................

(ഫോൺ നം/ഇ-മെയിൽ വിലാസം (ഏതെങ്കിലും ഉണ്ടെങ്കിൽ)

## <u>ക്രിമിനൽ നടപടി നിയമസംഹിത വകുപ്പ് 160 പ്രകാരമുള്ള നോട്ടീസ്</u>

.................... പോലീസ് സ്റ്റേഷനിൽ...................തീയതി രജിസ്റ്റർ ചെയ്ത ................. വകുപ്പ് പ്രകാരമുള്ള.................. നമ്പർ എഫ്.ഐ.ആർ/കേസിന്റെ അന്വേഷണവുമായി ബന്ധപ്പെട്ട വസ്തുതകളും സാഹചര്യങ്ങളും കണ്ടെത്തുന്നതിന് താങ്കളെ ചോദ്യം ചെയ്യാൻ ന്യായമായ കാരണങ്ങളുണ്ടെന്ന് ബോധ്യപ്പെടുന്നതിനാൽ താങ്കൾ................ തീയതി................. AM/PM ന് .................... പോലീസ് സ്റ്റേഷനിൽ എന്റെ മുമ്പാകെ ഹാജരാകുവാൻ ക്രിമിനൽ നടപടി നിയമസംഹിത വകുപ്പ് 160, ഉപവകുപ്പ് (1) പ്രകാരം എന്നിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം ഉപയോഗിച്ച് ഇതിനാൽ നിർദ്ദേശിക്കുന്നു.

താങ്കൾ താഴെ പറയുന്ന നിർദ്ദേശങ്ങൾ നിർബന്ധമായും പാലിക്കേണ്ടതാണ്.

1. ആവശ്യപ്പെടുന്ന സമയത്തെല്ലാം താങ്കൾ കോടതിയിൽ ഹാജരാകേണ്ടതാണ്.
2. ആവശ്യപ്പെടുന്ന സമയത്തെല്ലാം ഈ കേസിന്റെ അന്വേഷണത്തിൽ താങ്കൾ പങ്കു ചേരേണ്ടതും, അന്വേഷണവുമായി സഹകരിക്കേണ്ടതുമാണ്.
3. കേസിന്റെ ശരിയായ നിഗമനത്തിലെത്താൻ അന്വേഷണത്തിന്റെ ആവശ്യത്തിലേക്ക് പ്രസക്തമായ ഒരു ഭാഗവും മറച്ച് വക്കാതെ താങ്കൾ എല്ലാ വസ്തുതകളും സത്യസന്ധമായി വെളിപ്പെടുത്തേണ്ടതാണ്.
4. അന്വേഷണത്തിന് ആവശ്യമായ എല്ലാ പ്രസക്തമായിട്ടുള്ള രേഖകളും വസ്തുതകളും താങ്കൾ ഹാജരാക്കേണ്ടതാണ്.
5. കേസിലെ കുറ്റപ്രതികളെ കണ്ടെത്തുന്നതിന് താങ്കളുടെ പൂർണ്ണമായ സഹകരണവും/സഹായവും ഉണ്ടാവേണ്ടതാണ്.
6. ഈ കേസിന്റെ അന്വേഷണത്തെയോ, വിചാരണയെയോ തടസ്സപ്പെടുത്തുന്ന വിധത്തിൽ തെളിവുകൾ ഏതെങ്കിലും തരത്തിൽ നശിപ്പിക്കുവാൻ താങ്കൾ ഇടയാക്കരുത്.
7. കേസിന്റെ വസ്തുതകളുമായി ബന്ധപ്പെട്ട് അന്വേഷണ ഉദ്യോഗസ്ഥൻ നിർദ്ദേശിക്കുന്ന മറ്റു വ്യവസ്ഥകളും പാലിക്കാൻ താങ്കൾ ബാദ്ധ്യസ്ഥനാണ്.

ഈ നോട്ടീസിലെ നിബന്ധനകൾ പാലിക്കുന്നതിൽ വീഴ്ച വരുത്തുന്ന പക്ഷം ഇന്ത്യൻ

ശിക്ഷാനിയമം വകുപ്പ് 174 പ്രകാരം നിയമ നടപടികൾ നേരിടുന്നതിന് താങ്കൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

ഒപ്പ്.......................

പേരും, സ്ഥാനപ്പേരും.....................

സീൽ

<u>കൈപ്പറ്റ് രസീത്</u>

ക്രമ.നം..........................

സി.ആർ.പി.സി വകുപ്പ് 160 പ്രകാരം.................. തീയതി പുറപ്പെടുവിച്ച മേൽ നോട്ടീസിലെ നിർദ്ദേശം പാലിച്ചുകൊണ്ട്, നോട്ടീസ് ലഭിച്ച വ്യക്തി .......................... തീയതി......................മണി മുതൽ............... മണി വരെ സ്റ്റേഷനിൽ ഹാജരായിട്ടുള്ളതാണ്. നോട്ടീസ് ലഭിച്ചയാളിന്റെ സാന്നിദ്ധ്യം പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സി.ആർ.പി.സി വകുപ്പ് 160 പ്രകാരമാണ് ഈ കൈപ്പറ്റ് രസീത് നൽകുന്നത്. നോട്ടീസ് ലഭിച്ചയാൾ ഹാജരാക്കിയ രേഖകൾ സീഷർ മെമ്മോ/പ്രൊഡക്ഷൻ മെമ്മോ (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു) പ്രകാരം യഥാവിധി പിടിച്ചെടുത്തിട്ടുണ്ട്.

നിലവിലെ അന്വേഷണ പുരോഗതിയിൽ തുടർന്നും ലഭിച്ചേക്കാവുന്ന ഏതെങ്കിലും നോട്ടീസും അവർ തുടർന്നും പാലിക്കുന്നതാണെന്ന് നോട്ടീസ് ലഭിച്ചയാൾ ഉറപ്പുനൽകുന്നു.

(പ്രതി/നോട്ടീസ് ലഭിച്ചയാളിന്റെ ഒപ്പ്)

(അന്വേഷണ ഉദ്യോഗസ്ഥന്റെ ഒപ്പ്)

**അനുബന്ധം – ഡി**

ക്രമ നം...............

പോലീസ് സ്റ്റേഷൻ.............................

സ്വീകർത്താവ്

................................................

പ്രതിയുടെ/നോട്ടീസ് ലഭിക്കുന്നയാളുടെ പേര്

..............................................................

(അവസാനമായി അറിയാവുന്ന വിലാസം)

..............................................................

(ഫോൺ നം/ഇ-മെയിൽ വിലാസം (ഏതെങ്കിലും ഉണ്ടെങ്കിൽ)

## ക്രിമിനൽ നടപടി നിയമസംഹിത വകുപ്പ് 175 പ്രകാരമുള്ള നോട്ടീസ്

.................... പോലീസ് സ്റ്റേഷനിൽ..................തീയതി .................. വകുപ്പുകൾ പ്രകാരം രജിസ്റ്റർ ചെയ്ത .............. നമ്പർ കേസ്/എഫ്.ഐ.ആർ ആയി രജിസ്റ്റർ ചെയ്ത കേസിൽ, ചെയ്തിട്ടുള്ളതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള കുറ്റകൃത്യത്തിന്റെ അന്വേഷണ ആവശ്യത്തിലേക്കായി മേൽപറഞ്ഞ വ്യക്തിയുടെ സാന്നിദ്ധ്യം ആവശ്യമാണെന്ന് ബോദ്ധ്യപ്പെട്ടിട്ടുള്ളതിനാൽ, ടി വ്യക്തിയോട് ചുവടെ ഒപ്പ് വച്ചിട്ടുള്ള ഉദ്യോഗസ്ഥനു മുമ്പാകെ ................... സ്ഥലത്ത്............... തീയതി................ AM/PM ന് മേൽപ്പടി വ്യക്തിയുടെ കൈവശം, മേൽപ്പറഞ്ഞ ആരോപിക്കപ്പെട്ട കുറ്റവുമായി ബന്ധപ്പെട്ടുള്ള അത്തരം വിവരം നൽകുന്നതിനായി ഹാജരാകുവാൻ നിർദ്ദേശിക്കുന്നു.

ഈ നോട്ടീസിലെ നിബന്ധനകൾ പാലിക്കാതിരിക്കുകയോ ഹാജരാകുന്നതിൽ വീഴ്ച വരുത്തുകയോ ചെയ്യുന്ന പക്ഷം ഇന്ത്യൻ ശിക്ഷാനിയമം വകുപ്പ് 174 പ്രകാരം നിയമ നടപടികൾ നേരിടുന്നതിന് താങ്കൾ ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

ഒപ്പ്...........................

പേരും, സ്ഥാനപ്പേരും.........................

സീൽ

<u>കൈപ്പറ്റ് രസീത്</u>

ക്രമ.നം.........................

സി.ആർ.പി.സി വകുപ്പ് 175 പ്രകാരം.................. തീയതി പുറപ്പെടുവിച്ച മേൽ നോട്ടീസിലെ നിർദ്ദേശം പാലിച്ചുകൊണ്ട്, നോട്ടീസ് ലഭിച്ച വ്യക്തി .......................... തീയതി......................മണി മുതൽ............... മണി വരെ സ്റ്റേഷനിൽ ഹാജരായിട്ടുള്ളതാണ്. നോട്ടീസ് ലഭിച്ചയാളിന്റെ സാന്നിദ്ധ്യം പോലീസ് സ്റ്റേഷനിൽ സൂക്ഷിച്ചിട്ടുള്ള രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്.

സി.ആർ.പി.സി വകുപ്പ് 175 പ്രകാരമാണ് ഈ കൈപ്പറ്റ് രസീത് നൽകുന്നത്. നിലവിലെ അന്വേഷണ പുരോഗതിയിൽ തുടർന്നും ലഭിച്ചേക്കാവുന്ന ഏതെങ്കിലും നോട്ടീസും അവർ തുടർന്നും പാലിക്കുന്നതാണെന്ന് നോട്ടീസ് ലഭിച്ചയാൾ ഉറപ്പുനൽകുന്നു.

(പ്രതി/നോട്ടീസ് ലഭിച്ചയാളിന്റെ ഒപ്പ്)

(അന്വേഷണ ഉദ്യോഗസ്ഥന്റെ ഒപ്പ്)

**അനുബന്ധം – ഇ**

## നോട്ടീസ് രജിസ്റ്റർ

| | |
|---|---|
| ക്രമ.നം. | |
| എഫ്.ഐ.ആർ/ജി.ഡി.നം. തീയതി | |
| ഏതൊക്കെ വകുപ്പ് പ്രകാരം | |
| നോട്ടീസ് നൽകുന്നത് ഏതൊക്കെ വകുപ്പ പ്രകാരം (ദയവായി വ്യക്തമാക്കുക) | 41 A, 91, 160, 175 |
| ബുക്ക് ലെറ്റ് ക്രമ.നം, /അന്വേഷണ ഉദ്യോഗസ്ഥന്റെ പേരും ടെലഫോൺ നമ്പറും | |
| അന്വേഷണ ഉദ്യോഗസ്ഥൻ വിളിച്ചു വരുത്തുന്ന വ്യക്തിയുടെ പേര് /വിലാസം /ടെലഫോൺ നമ്പർ | |
| ഹാജരാകുന്നതിന്/പങ്കുചേരുന്നതിന് നൽകിയിട്ടുള്ള തിയതിയും സമയവും | |
| യഥാർത്ഥത്തിൽ ഹാജരായ/പങ്കുചേർന്ന തീയതിയും സമയവും | |
| നിർദ്ദേശം പാലിക്കുന്നതിൽ വീഴ്ച വരുത്തിയതിന് സ്വീകരിച്ച നടപടി | |
| നോട്ടീസ് ലഭിച്ചയാൾ ഹാജരായതിന്റെയും അന്വേഷണഉദ്യോഗസ്ഥൻ സ്ഥലത്തില്ലായെങ്കിൽ അന്വേഷണ ഉദ്യോഗസ്ഥന് വിവരം നൽകിയതിന്റെയും ജി.ഡി നമ്പർ. | |

SHAIK DARVESH SAHEB IPS
State Police Chief

To : ലിസ്റ്റ് ബി യിലെ എല്ലാ ഉദ്യോഗസ്ഥർക്കും

Copy To : പി.എച്ച്.ക്യൂ വിലെ എല്ലാ ഓഫീസർമാരുടെയും സി.എ മാർക്ക്/ മാനേജർ, പി.എച്ച്.ക്യൂ ഓപ്പറേഷൻ സെൽ/പി.ഐ.സി, പി.എച്ച്.ക്യൂ സ്റ്റോക്ക് ഫയൽ/,സർക്കുലർ ബുക്ക്